കാര്യങ്ങൾക്കായി ഉപയോഗപ്പെടുത്തുന്ന പൊതു കെട്ടിടങ്ങളും പൊതുജനങ്ങൾക്ക് പ്രവേശിക്കാവുന്ന ഗ്രന്ഥശാലകളും കളിസ്ഥലങ്ങളും.

4. പ്രാചീന സ്മാരകങ്ങൾ സംരക്ഷിക്കുന്നത് സംബന്ധിച്ച് തൽസമയം നിലവിലിരിക്കുന്ന നിയമപ്രകാരം സംരക്ഷിക്കപ്പെട്ടുപോരുന്ന പ്രാചീന സ്മാരകങ്ങളും വാസഗൃഹങ്ങളായോ പൊതുആഫീസുകളായോ ഉപയോഗിക്കപ്പെടാത്ത അവയുടെ ഭാഗങ്ങളും.

5. ശവം അടക്കുകയും ദഹിപ്പിക്കുകയും ചെയ്യുന്ന സ്ഥലങ്ങൾ.

6. പഞ്ചായത്തുവക കെട്ടിടവും ഭൂമിയും.

7. മൺഭിത്തിയോട് കൂടിയതോ, ഓലയോ ഏതെങ്കിലും ഭാരം കുറഞ്ഞ ഷീറ്റോ മേഞ്ഞ മേൽക്കൂരയോട് കൂടിയതോ ആയതും, തറ വിസ്തീർണ്ണം 20 ചതുരശ്രമീറ്റർ കുറവായതുമായ കെട്ടിടം.

8. സാമ്പത്തികമായി ദുർബല വിഭാഗത്തിൽപ്പെട്ട ഒരാൾ സർക്കാർ സബ്സിഡി ഉപയോഗിച്ച് നിർമ്മിച്ചതും തറ വിസ്തീർണ്ണം 20 ചതുരശ്രമീറ്റർ കുറവായതുമായ വാസഗൃഹം.

കൂടാതെ കേരള പഞ്ചായത്ത്രാജ് നിയമത്തിലെ 207-ാം വകുപ്പു 2-ാം ഉപവകുപ്പ് പ്രകാരം സർക്കാരിനും സർക്കാരിന്റെ അനുവാദത്തോടുകൂടി ഗ്രാമപഞ്ചായത്തിനും ഏതുവിഭാഗത്തിൽപ്പെട്ട ആളുകളെയും ഒഴിവാക്കുന്നതിന് വ്യവസ്ഥയുണ്ട്.

(ബി) ഉണ്ട്. 12-7-2004-ലെ സ.ഉ.(സാധാ.) നമ്പർ. 2425/04/തസ്വഭവ പ്രകാരം സംസ്ഥാനത്തെ പഞ്ചായത്ത് പ്രദേശങ്ങളിലെ എല്ലാ സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ. സ്കൂളുകളുടെയും വിദ്യാഭ്യാസത്തിന് ഉപയോഗിക്കുന്ന കെട്ടിടങ്ങളേയും പഞ്ചായത്ത് രാജ് 207(2) വകുപ്പുപ്രകാരം വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടുണ്ട്.

(സി) ആലോചിച്ചിട്ടില്ല.

പഞ്ചായത്തുകൾക്ക് പ്രത്യേക അക്കൗണ്ടിംഗ് സംവിധാനം

34 [1720] *ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമം സെക്ഷൻ 254 (2) (XXXVI) അനുശാസിക്കുംവിധം അക്കൗണ്ടിംഗ് സംബന്ധിച്ച ചട്ടങ്ങൾ രൂപപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ മേൽനിയമം സെക്ഷൻ 284 (2) (L) (i) പ്രകാരം 1965-ലെ കേരള പഞ്ചായത്ത് അക്കൗണ്ടിംഗ് ചട്ടങ്ങൾക്ക് ഇപ്പോഴും നിയമസാധ്യതയുണ്ടോ എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) 1965-ലെ പ്രസ്തുത ചട്ടങ്ങൾക്ക് നിയമ സാധ്യതയുണ്ടെങ്കിൽ ധനകാര്യ വകുപ്പ് പഞ്ചായത്തുകൾക്ക് പ്രത്യേക അക്കൗണ്ടിംഗ് 1-4-2003 മുതൽ നടപ്പിലാക്കിയ ഉത്തരവ് പിൻവലിക്കുമോ?

ഉത്തരം

(എ) ചട്ടങ്ങൾ പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) & (സി) ഉദിക്കുന്നില്ല. 1-4-2003-ലെ ഉത്തരവ് പിൻവലിക്കേണ്ട ആവശ്യമില്ല. കൺട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ നിർദ്ദേശപ്രകാരമാണ് ഈ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നത്. ഈ ഉത്തരവ് നടത്തിപ്പിന്റെ അനുഭവം പഠിച്ച് വേണ്ട മാറ്റങ്ങൾ വരുത്തി കേരള പഞ്ചായത്ത്‌രാജ് ആക്ടിന്റെ കീഴിലുള്ള ചട്ടമായിട്ട് പുറപ്പെടുവിക്കുവാൻ ഉദ്ദേശിക്കുന്നു.

തൃശ്ശൂർ ജില്ലയിലെ പഞ്ചായത്തുകളുടെ ഫണ്ട് വിനിയോഗം

35 [1721] *ശ്രീ. എ. സി. മൊയ്തീൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ ത്രിതല പഞ്ചായത്തുകൾക്ക് അനുവദിച്ച പദ്ധതി തുകയിൽ പൂർണ്ണമായി ചെലവഴിച്ചവയുടെ വിവരം ലഭ്യമാക്കുമോ;

(ബി) മറ്റു പഞ്ചായത്തുകളിൽ അനുവദിച്ച പദ്ധതിതുകയും ചെലവഴിച്ചതിന്റെ കണക്കും ലഭ്യമാക്കുമോ?

ഉത്തരം

(എ) ത്രിതല പഞ്ചായത്തുകൾക്ക് പത്താം പഞ്ചവത്സര പദ്ധതിയുടെ ആദ്യ വർഷത്തിൽ നൽകിയ തുകയും മുൻവർഷത്തെ കാരി ഓവർ തുകയും ഉൾപ്പെടെയുള്ള തുകയിൽ ഒരു പഞ്ചായത്തും പൂർണ്ണമായി തുക ചെലവഴിച്ചില്ല. 2003-2004 വാർഷിക പദ്ധതിയിൽ ചാവക്കാട്, പഴയന്നൂർ, മുല്ലശ്ശേരി, ചേർപ്പ്, വെള്ളാങ്ങല്ലൂർ എന്നീ ബ്ലോക്ക് പഞ്ചായത്തുകളും കൊണ്ടാഴി, പഴയന്നൂർ, അടാട്ട്, അവണൂർ, അളഗപ്പനഗർ, ശ്രീനാരായണപുരം എന്നീ ഗ്രാമപഞ്ചായത്തുകളും തുക പൂർണ്ണമായി ചെലവഴിച്ചു. 2004-2005 വാർഷിക പദ്ധതിയിലെ ചെലവ് ക്രോഡീകരിച്ചു വരുന്നതേയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly